## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2978 | 07/12/2018-ൽ മറുപടിക്ക്.

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്

ചോദ്യം | മറുപടി

**ശ്രീ.പാറക്കൽ അബ്ദുല്ല :** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഏതൊക്കെ തരത്തിലുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് ബാധകമാകുക എന്നറിയിക്കുമോ: | (എ) | ഗാർഹിക-വാണിജ്യ-വ്യവസായിക ആവശ്യങ്ങൾക്കായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് ബാധകമാണ്. |
| (ബി) | കെട്ടിട ഉടമകളിൽ നിന്ന് മൂവായിരം കോടിയിൽപ്പരം രൂപ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് പിരിച്ചെടുക്കാനുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്ന തൊഴിലാളികളുടെ ആവശ്യം ശക്തമാകുമ്പോഴും കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അലംഭാവം തുടരുന്ന സാഹചര്യം നിലവിലുണ്ടോ; | (സി) | ഇല്ല |
| (ഡി) | ഇല്ലെങ്കിൽ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ? | (ഡി) | എല്ലാ ജില്ലയിലെയും അസസ്സ്മെന്റ് ഓഫീസർമാർ സെസ് അടയ്ക്കുന്നതിനായി ഉടമകൾക്ക് നോട്ടീസ് നൽകുകയും പാലിക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ സ്ഥലങ്ങൾ പരിശോധന നടത്തിയും സെസ് അടയ്ക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ